# നാലു ജീവികള് (വെളിപാട് പഠനം55)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

വാക്യം: 4: 5. “സിംഹാസനത്തില് നിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങള് സിംഹാസനത്തിന്റെ മുമ്പില് ജ്വലിച്ചുകൊണ്ടിരിക്കുന്നു. ” (വെളിപാട് 4:5)

ദൈവത്തിന്റെ പ്രതാപവും തേജസ്സും എടുത്തുകാട്ടുന്നതാണ് മിന്നലും ഇടിനാദവും. സംഭവിപ്പാന് പോകുന്ന എല്ലാറ്റിന്റെമേലും അവിടുത്തേയ്ക്ക് പൂര്ണ്ണമായ നിയന്ത്രണവുമുണ്ടെന്ന വസ്തുതയും ഇത് സൂചിപ്പിക്കുന്നു. ഇറങ്ങി വന്നപ്പോഴും ഇടിമുഴക്കവും മിന്നലും മഹാഗംഭീരമായ കാഹളധ്വനിയുമുണ്ടായി. പുറ. 19: 16. യെസക്കിയേലും ഇതുപോലെയുള്ള ഒരു കാഴ്ച കാണുന്നു. യെഹ. 1: 13. ഇടിമുഴക്കം ദൈവശക്തിയുടെയും മഹത്വത്തിന്റെയും പ്രതീകമാണ്. 1. ശാമു. 2: 10; സങ്കീ. 18: 9 14; ഇയ്യോ. 37: 4, 5. ന്യായം വിധിക്കുന്നവനായ ദൈവത്തിന്റെ പ്രതാപത്തെയും നിലയേയും ഇത് വെളിപ്പെടുത്തുന്നു. ഇത് ന്യായവിധിയുടെ സിംഹാസനം ആണ്. വിശുദ്ധന്മാര്ക്ക് പ്രതിഫലം നല്കുന്ന സമയമാണ്. വിശുദ്ധന്മാരെ ആദരിക്കുന്ന സമയം കൂടെയാണ്. സ്വര്ഗ്ഗത്തിലെ ഏറ്റവും വലിയ സമ്മേളനമാണ് ഇത്. സ്വര്ഗ്ഗം ആകെ ആനന്ദിക്കുന്ന സമയമാണ് ഇത്. സ്വര്ഗ്ഗത്തിന്റെ മഹിമകുടമായിരുന്ന ദൈവപുത്രന് സ്വര്ഗ്ഗം വിട്ടു ഭൂമിയിലേക്ക് പോയതിന്റെ ഫലം ഇപ്പോള് ദര്ശിക്കുകയാണ്. കര്ത്താവിന്റെ മണവാട്ടി സ്വര്ഗ്ഗത്തിലേക്ക് വന്നതിന്റെ സന്തോഷമാണ് ഇവിടെ കാണുന്നത്. സ്വര്ഗ്ഗവും സ്വര്ഗ്ഗീയ ദൂതഗണങ്ങളും ആനന്ദത്തില് ആറാടുന്ന രംഗമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും സഭയും ദൂതന്മാരും എല്ലാം സന്തോഷിക്കുന്നു. ആ സന്തോഷത്തിന്റേതാണ് ഈ മിന്നലും നാദവും ഇടിമുഴക്കവും എന്നത് വ്യക്തമാണ്. കൂടാതെ വിശുദ്ധന്മാര്ക്ക് പ്രതിഫലം കൊടുത്തപ്പോഴുണ്ടായ ആദരവിന്റെ സന്തോഷം കൂടിയാണ്. കാന്തനും കാന്തയും ഒത്തുചേര്ന്നതിന്റെ സന്തോഷം. പിതാവ് സ്വന്തം ഓമന കുമാരനെ ഭൂമിയിലേക്ക് അയച്ചു താന് സഹിച്ച ത്യാഗത്തിന്റെ ഫലം കണ്ടു കൊണ്ടുള്ള സന്തോഷം. പരിശുദ്ധാത്മാവ് കാന്തയെ ഒരുക്കി സഭയുമായി സ്വര്ഗ്ഗത്തില് വന്നിരിക്കുന്നതിന്റെ സന്തോഷം. ഹാ എത്രയോ ആഹ്ലാദത്തിന്റെ രംഗമാണ് ഇത്. ആ സന്തോഷത്തിന്റെയും ആദരവിന്റെയും പ്രതീകമായി സിംഹാസനത്തില് നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. ലോകപ്രശസ്തരായ രാഷ്ട്രത്തലവന്മാരോ, മതമേലദ്ധ്യക്ഷന്മാരോ, മറ്റു പ്രശസ്ത വ്യക്തികളോ സംബന്ധിക്കുന്ന കോണ്ഫറന്സുകള്ക്കു മുമ്പായി വിശിഷ്ടാതിഥികള്ക്ക് സ്വാഗതമരുളിക്കൊണ്ട് തോരണങ്ങളാലും മറ്റും അലംകൃതമാക്കുന്നു. കൂടാതെ കതിനാവെടികളും

പടക്കങ്ങളും മറ്റും പൊട്ടിച്ച് അന്തരീക്ഷത്തെ പുളകം കൊള്ളിക്കുന്നു. അതുപോലെ സ്വര്ഗ്ഗത്തില് നടക്കുന്ന ഈ സമ്മേളനത്തില് സന്തോത്തിന്റെ പ്രതീകമായി നടക്കുന്നതത്രെ മിന്നലും നാദവും ഇടിമുഴക്കവും.

ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങള് സിംഹാസനത്തിന് മുമ്പില് ജ്വലിച്ചുകൊണ്ടിരിക്കുന്നു. സഭയെ ഒരുക്കുവാന് പെന്റക്കൊസ്റ്റ് നാള് ഇറങ്ങിവന്ന പരിശുദ്ധാത്മാവ് ഇപ്പോള് സഭയുമായി സ്വര്ഗ്ഗത്തിലായിരിക്കുന്നു എന്ന് നമുക്ക് വ്യക്തമാകുന്നു. ഏഴു ആത്മാക്കളെ ഏഴു ദീപങ്ങളുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു. ഏഴു ആത്മാക്കള് എന്ന പ്രയോഗം 1: 4; 3: 1 ലും നാം കാണുന്നു. കൂടാതെ 5: 6ലും ഇതേ പ്രയോഗം ഉപയോഗിച്ചിട്ടുണ്ട്. 1: 4-ലും 5:6-ലും സിംഹാസനത്തിനു മുമ്പില് ജ്വലിച്ചുകൊണ്ടിരിക്കുന്നതായിട്ടാണ് നാം കാണുന്നത്. ഇത് പരിശുദ്ധാത്മാവിന്റെ ജ്ഞാനസമ്പൂര്ണ്ണതയെ കാണിക്കുന്നു. ആത്മാവ് ഒന്നേയുള്ളൂ; എഫേ. 4: 4. ഏഴ് എന്നു കാണിച്ചിരിക്കുന്നത് വെളിപാടിന്റെ ഒരു പ്രത്യേക ശൈലിയാണ്. ജ്ഞാനത്തിന്റെ ആത്മാവ്, വിവേകത്തിന്റെ ആത്മാവ്, ആലോചനയുടെ ആത്മാവ്, ബലത്തിന്റെ ആത്മാവ്, പരിജ്ഞാനത്തിന്റെ ആത്മാവ്, യഹോവ ഭക്തിയുടെ ആത്മാവ്, യഹോവയുടെ ആത്മാവ്, എന്നിങ്ങനെ യെശയ്യ: 11: 1-3-ല് കാണുന്നു. ഏഴാത്മാക്കള് എന്ന പ്രയോഗം ആത്മാവിന്റെ ഏഴു സ്വഭാവങ്ങളെ കാണിക്കുന്നതാ ണ്.

വാക്യം- 6, 7. “സിംഹാസത്തിന്റെ മുമ്പില് പളുങ്കിനൊത്ത കണ്ണാടിക്കടല്. സിംഹാസനത്തിന്റെ നടുവിലും, സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികള്. അവയ്ക്ക് മുമ്പുറവും പിമ്പുറവും കണ്ണു നിറഞ്ഞിരിക്കുന്നു. ഒന്നാം ജീവി സിംഹാസനത്തിന് സദൃശം, മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളത്. നാലാം ജീവി പറക്കുന്ന കഴുകിന്ന് സദൃശം. നാലു ജീവികളും ഓരോന്നിന്നു ആറാറു ചിറകുള്ളതായി ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരിക്കുന്നു. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സര്വ്വ ശക്തിയുള്ള കര്ത്താവായ ദൈവം പരിശുദ്ധന്, പരിശുദ്ധന്, പരിശുദ്ധന് എന്നു അവര് രാപ്പകല് വിശ്രമം കൂടാതെ പറഞ്ഞു കൊണ്ടിരിക്കുന്നു. ”

കണ്ണാടിക്കടല്

സമാഗമന കൂടാരത്തില് താമ്രത്തൊട്ടിയും (പുറ. 38: 8) ശലോമോന് പണിത ദൈവാലയത്തില് താമ്രക്കടലും ഉണ്ടായിരുന്നു. 2. ദിന . 4: 2-5. സ്വര്ഗ്ഗത്തില് സ്ഥാപിച്ചിരിക്കുന്ന പളുങ്കുപോലെ തിളങ്ങുന്ന കണ്ണാടിക്കലിലൂടെ വിശുദ്ധന്മാര്ക്ക് തങ്ങള്ക്ക് കര്ത്താവ് നല്കിയിരിക്കുന്ന പദവികളെ ശരിക്കും കാണുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും കഴിയു ന്നു.

കണ്ണാടിക്കടല് സമ്പൂര്ണ്ണ വിശുദ്ധിയെ കാണിക്കുന്നു. വെള്ളം നിറഞ്ഞ കടല്

അല്ല; കണ്ണാടിക്കടല് ആണ് കണ്ടത്. തേജസ്ക്കരിക്കപ്പെട്ടവരായി സന്നിഹിതരായിരിക്കുന്ന വിശുദ്ധന്മാരുടെ തേജസ്സിനൊത്തവണ്ണം കണ്ണാടിക്കടല് പളുങ്കു പോലെ വെട്ടിത്തിളങ്ങുന്നു. 15: 2ല് ഇതേ കടലില് തീയുടെ വര്ണ്ണം കലര്ന്നുകണ്ടതിനു കാരണം അവിടെ സന്നിഹിതരായിരിക്കുന്ന രക്തസാക്ഷികളെ പ്രതിബിംബിക്കുന്നതുകൊണ്ടാണ്. അന്തിക്രിസ്തുവിന്റെ കീഴില് പീഢകളാലുള്ള അഗ്നിശോധന കഴിഞ്ഞാണല്ലോ അവര് അവിടെ എത്തിയത്.

മറ്റൊന്ന് ഈ കണ്ണാടിക്കടല് ദൈവത്തിന്റെ പരിശുദ്ധിയെ കാണിക്കുന്നു. വിശുദ്ധന്മാരുടെ ന്യായവിധിക്കായി ഒരിക്കിയിരിക്കുന്ന സിംഹാസനത്തിന്റെ മുമ്പാകെ കാണുന്ന പളുങ്കുകടല് ന്യായം വിധിക്കുന്ന ദൈവം നിര്മ്മലനാണെന്ന് കാണിക്കുന്നു. സങ്കീ. 51: 4. "അവന്റെ ന്യായവിധികള് എത്ര അപ്രമേയവും അവന്റെ വഴികള് എത്ര അഗോചരവും ആകുന്നു." റോമ. 11: 33.

നാലു ജീവികള്

ജീവികള്, ചെറുബികള്, സാറാഫുകള് എന്നിങ്ങനെ വിവിധ ദൂത സംഘങ്ങള് ഉണ്ട്. അവയില് യുദ്ധസന്നദ്ധരായ മീഖായേലും അനുയായികളും ദൂതവാഹികളായ ഗബ്രിയേലും കൂട്ടരും സിംഹാസന വാഹികളും പരിചാരകരുമായ ജീവികളും, ആരാധിക്കുന്ന ആറാറു ചിറകുള്ള സാറാഫുകളും എന്നിങ്ങനെ വിവിധ ജോലികളില് അവരെ കാണുവാന് കഴിയും. ഇവിടെ കാണുന്ന ഈ നാലു ജീവികള് എപ്പോഴും ദൈവസിംഹാസനത്തെ ചുറ്റി നില്ക്കുന്നവരായിട്ടാണ് കാണുന്നത്. സമാഗമകൂടാരത്തിന്റെ അതിപരിശുദ്ധ സ്ഥലത്ത് കൃപാസനത്തിന്റെ ഇരുഭാഗങ്ങളിലായി പൊന്നുകൊണ്ട് രണ്ട് കെരൂബുകളെ ഉണ്ടാക്കി വെച്ചിരിക്കുന്നു. സങ്കീ. 99: 1; പുറ. 25: 18 20.

ഇവിടെ കാണുന്ന നാലു ജീവികള്ക്ക് സിംഹം, കാള, മനുഷ്യന്, കഴുക് എന്നിങ്ങനെയുള്ള് മുഖങ്ങളുടെ സദൃശ്യമായിരുന്നു. സമാഗമന കൂടാരത്തിന് ചുറ്റുമായുള്ള പാളയങ്ങളുടെ മുന്നിരയില് നാലു ദിക്കിലുമായി നാലു ഗോത്രത്തലവന്മാരുടെ കൂടാരങ്ങളിന്മേല് പാറിപറന്നിരുന്ന നാലു കൊടികളുണ്ടായിരു ന്നു.

1. കിഴക്ക യഹൂദാ ഗോത്രത്തിന്റെ കൊടി, സിംഹം. സംഖ്യ. 2: 3.
2. പടിഞ്ഞാറ് എഫ്രായൂം ഗോത്രത്തിന്റെ കൊടി-കാള. 2: 18.
3. തെക്ക്-രൂബേന് ഗോത്രത്തിന്റെ കൊടി- മനുഷ്യന്. സംഖ്യ. 2: 10.
4. വടക്ക്-ദാന് ഗോത്രത്തിന്റെ കൊടി-കഴുകന്. സംഖ്യ. 2: 25.

ഈ നാലു കൊടികളുടെയും നടുവിന് സമാഗമന കൂടാരവും അതിനുള്ളില് കൃപാസനവും നില്ക്കുന്നു. ഇപ്രകാരം തന്നെ പ്രവാചകനായ യഹെസ്

കേലിന്റെ ദര്ശനങ്ങളിലും ദൈവസിംഹാസനത്തെ ചുറ്റി നാലു മുഖങ്ങളുള്ള വെരൂബുകളെ കാണാം. ഓരോന്നിനും നന്നല് മുഖങ്ങള് ഉണ്ടായിരുന്നു. ഒന്നാമത്തെ മുഖം ഖെരൂബ് മുഖവും (ഇത് കാളമുഖത്തെ ഉദ്ദേശിച്ചാകുന്നു), രണ്ടാമത്തേത് മാനുഷ്യ മുഖവും, മൂന്നാമത്തേത് സിംഹമുഖവും, നാലാമത്തേത് കഴുക് മുഖവും ആയിരുന്നു). യെഹെ. 10: 14.

നാലൂ മുഖങ്ങളുടെ ആത്മീകാര്ത്ഥം ഇങ്ങനെയാണ്:
സിംഹം-രാജത്വം
കാള- ദാസ്യത്വം
മനുഷ്യന്- മനുഷ്യത്വം
കഴുകന്-ദൈവ ത്വം.

നമ്മുടെ കര്ത്താവിന്റെ നാലു വിധ അവസ്ഥകളെയും ഈ അടയാളങ്ങള് വ്യക്തമാകുന്നു.
1. കര്ത്താവിന്റെ രാജത്വം
2. കര്ത്താവിന്റെ ദാസ്യത്വം
3. കര്ത്താവിന്റെ മനുഷ്യത്വം
4. കര്ത്താവിന്റെ ദൈ വത്വം

മത്തായി എഴുതിയ സുവിശേഷം കര്ത്താവിന്റെ രാജത്വത്തെ വെളിപ്പെടുത്തുന്നു. മത്താ. 2: 2.

മര്ക്കോസ് എഴുതിയ സുവിശേഷം കര്ത്താവിന്റെ ദാസ്യത്വത്തെ പ്രസ്താവിക്കുന്നു. മര്ക്കോ. 10: 44, 45. ലൂക്കോസിന്റെ സുവിശേഷം യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെ ചൂണ്ടിക്കാണിക്കുന്നു. ലൂക്കോ. 9: 56.

യോഹന്നാന്റെ സുവിശേഷം യേശുക്രിസ്തുവിന്റെ ദൈവത്വത്തെ വിളിച്ചറിയിക്കുന്നു. യോഹ. 1: 1. നാലു സുവിശേഷങ്ങളും കര്ത്താവിന്റെ നാലു പ്രത്യേകതകളെ വെളിപ്പെടുത്തുന്നു.

കര്ത്താവായ ക്രിസ്തുവിനെ യഹൂദ ഗോത്രത്തിന്റെ സിംഹമായാണ് തിരുവെഴുത്തകള് വര്ണ്ണിച്ചിരിക്കുന്നത്. സിംഹം മൃഗരാജനാണ്. യേശു രാജാക്കന്മാരുടെ രാജാവാണെന്ന് മത്തായി സുവിശേഷം വെളിവാക്കുന്നത്. മത്താ. 2: 2. മനുഷ്യ വര്ഗ്ഗത്തിന്റെ പാപപരിഹാരാര്ത്ഥം വീണ്ടെടുപ്പുകാരനായി വന്ന ക്രിസ്തു ദാസ്യരൂപത്തിലാണ് ശുശ്രൂഷയില് വിളങ്ങിയത്. കാള ദാസ്യത്വത്തിന്റെ പ്രതീകമാണ്. ഇതാണ് മര്ക്കോസിന്റെ സുവിശേഷം ചിത്രീകരിക്കുന്നത്. മര്ക്കോ. 10: 44, 45. ലൂക്കോസിന്റെ സുവിശേഷത്തിലാകട്ടെ യേശുവിന്റെ മനുഷ്യത്വത്തെയും അവന്റെ മാനുഷിക

പ്രവര്ത്തനങ്ങളെയും വസ്തുനിഷ്ഠമായി നിരത്തിവെക്കുന്നു. അഥവാ യശു സമ്പൂര്ണ്ണ മനുഷ്യനാണെന്ന് ലൂക്കോസിന്റെ സുവിശേഷം ഉദ്ഘോഷിക്കുന്നു. ലൂക്കോ. 9: 56. യോഹന്നാന്റെ സുവിശേഷം ഉന്നതങ്ങളില് പറക്കുന്ന പക്ഷിരാജനായ കഴുകനോട് തുല്യപ്പെടുത്തിയാണ് എഴുതിയിരിക്കുന്നത്. യേശുവിനെ ദൈവാധിദൈവമായി യോഹന്നാന് ചൂണ്ടിക്കാട്ടുന്നു. യോഹ. 1: 1. ഇങ്ങനെ നാലു ജീവികളുടെ പ്രതീകാത്മക സ്വഭാവത്തെക്കുറിച്ചും അവ ക്രിസ്തുവുമായും സുവിശേഷങ്ങളുമായും ഇപ്രകാരം യോജിക്കുന്നു.

ഈ നാലു ജീവികള്ക്ക് ആറാറു ചിറകുകളുണ്ടായിരുന്നു. ആറാറു ചിറകുകളുള്ള സാറാഫുകള് ദൈവത്തെ ആരാധിച്ചുകൊണ്ടിരിക്കുന്നതായി യെശയ്യാവ് ദര്ശിക്കുന്നു. യെശ. 6: 1-3. ഈ രണ്ടു വേദ ഭാഗങ്ങളിലും ദൈവത്തെ പരിശുദ്ധന്, പരിശുദ്ധന്, പരിശുദ്ധന് എന്ന് അട്ടഹസിച്ചാരാധിക്കുന്നതായിട്ടാണ് കാണുന്നത്. പിതാവ്, പുത്രന്, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ദൈവീകവ്യക്തിത്വങ്ങളെ അവര് വാഴ്ത്തുകയാണ്. ആറു ചിറകുകളില് രണ്ടെണ്ണം മാത്രമാണ് സാറാഫുകള് പറക്കുവാന് ഉപയോഗിക്കുന്നത്. ബാക്കി 4 ചിറകുകള് അവര് തങ്ങളെത്തന്നെ മറെച്ച് കര്ത്താവിനെ ആരാധിക്കുകയാണ്. ഈ സാറാഫുകള് ഒരിക്കലും പാപാം ചെയ്തിട്ടില്ല. എന്നിട്ടും ദൈവസന്നിധിയില് നില്ക്കുമ്പോള് രണ്ടു മുഖം മറെച്ചും രണ്ടുകൊണ്ടു പാദം മൂടിയും അവര് ആരാധിക്കുന്നു. എങ്കിലും ഞാനും നിങ്ങളും എത്ര അധികമായി ഇത് ചെയ്യേണ്ടിയിരിക്കുന്നു. സാറാഫുകളെക്കുറിച്ച് യെശ. 6-ല് മാത്രമേ പറഞ്ഞിട്ടുള്ളൂ. കെരൂബുകളെക്കുറിച്ച് പലയിടത്തും പറഞ്ഞിട്ടുണ്ട്. ഉല്പത്തി. 3: 24; പുറ. 25: 18; 1. രാജ. 6: 23; 2. ദിന. 3: 10; സങ്കീ. 80: 1; യെഹ. 1: 5- 10; യെഹ. 10: 20; 41: 18.

ജീവികള്ക്ക് മുമ്പുറവും പിമ്പുറവും കണ്ണ് നിറഞ്ഞിരിക്കുന്നു. ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരിക്കുന്നു എന്ന് 8-ാം വാക്യത്തിലും കാണുന്നു. ജീവികളുടെ കണ്ണുകള് കര്ത്താവിന്റെ സര്വ്വവ്യാപിത്വത്തിന് സാക്ഷയ്ം വഹിക്കുന്നു. കര്ത്താവ് രാജാവ്, ദാസന്, മനുഷ്യന്, ദൈവം, സര്വ്വവ്യാപി ഇവ വിളിച്ചറിയിക്കുന്നു. ഇരിക്കന്നവനും ഇരുന്നവനും വരുന്നവനുമായി സര്വ്വശക്തിയുള്ള കര്ത്താവായ ദൈവം എന്നത് ആയിരിക്കുന്നതുപോലെ ഇപ്പോള് ആയിരിക്കുന്നവനും ഭാവിയിലും മാറ്റമില്ലാതിരിക്കുന്നവനുമായ സ്വയംഭൂ എന്നര്ത്ഥം. പുറ. 3: 14. കാലഭേദമെന്യേ എന്നെന്നേയ്ക്കുമുള്ളവനായ ദൈവമാണ് നമ്മുടെ കര്ത്താവായ യേശുക്രിസ്തു.

"രാപ്പകല്" അവര് വിശ്രമം കൂടാതെ ദൈവത്തെ വാഴ്ത്തുന്നു. "രാപ്പകല് "എന്ന പദത്തിന് എന്നെന്നേയ്ക്കും അഥവാ നിത്യമായി എന്നാണര്ത്ഥം. സാത്താനെ

ഗന്ധകത്തീപ്പൊയ്കയില് തള്ളുന്നതിനെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നത്. " അവര് എന്നെന്നേക്കും രാപ്പകല്" ദണ്ഡനം സഹിക്കേണ്ടിവരും എന്നാണ്. എന്നെന്നേയ്ക്കും, രാപ്പകല് ഈ പ്രയോഗങ്ങള് നിത്യതയെ ആണ് കാണിക്കുന്നത്. നിത്യദണ്ഡനം, നിത്യജീവന് (മത്താ. 25: 46) എന്ന പ്രസ്താവനകള് ശ്രദ്ധിക്കുക.

വാക്യം. 4: 9 " എന്നെന്നേയ്ക്കും ജീവിച്ചിരിക്കുന്നവനായി സിംഹാസനത്തില് ഇരിക്കുന്നവന്നു ആ ജീവികള് മഹത്വവും ബഹുമാനവും സ്തോത്രവും കൊടുക്കുമ്പോഴെക്കെയും" നിത്യനായവന് ജീവികള് നിത്യമായി മഹത്വം കരേറ്റുന്നു. ആകയാല് " രാപ്പകല്" എന്ന പദം എന്നെന്നേയ്ക്കും എന്നുള്ള അര്ത്ഥമാകുന്നു എന്ന് വ്യക്തം. ജീവികള് തുടര്മാനം ദൈവത്തെ ആരാധിക്കുന്നു.

ഈ ജീവികള് സിംഹാസനത്തോട് അടുത്തിരിക്കുന്നവനും സിംഹാസനത്തിന്റെ ഭാഗമായിരിക്കുന്നതും ആണ്. നടുവില് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പുറ. 25: 18 വാക്യങ്ങളില് ഇതിന്റെ നിഴല് ആണ്. സിംഹാസനത്തിന്റെ ചുറ്റിലും ആയിരിക്കാനുള്ള സ്വാതന്ത്ര്യം അവയ്ക്കുണ്ട്. ദൈവസിംഹാസനത്തിന്റെ ചുറ്റിലും മൂപ്പന്മാരുടെ സിംഹാസനങ്ങളുടെ നടുവിലുമാണ് ജീവികളുടെ സ്ഥാനം. യെശ്ശയ്യാവ് കണ്ട സാറാഫുകളും (യശ. 6: 1-4), യെഹെസ്കേല് കണ്ട നാലു ജീവികളും (യെഹെ. 1: 5-28), യോഹന്നാന് കണ്ട നാലു ജീവികളും (വെളി. 4: 7) ദൈവസിംഹാസനത്തിലെ പ്രത്യേക ദൂതന്മാരാണ്. ബൈബിളില് നാലു സന്ദര്ഭങ്ങളിലായി ഇവരെ കാണു ന്നു.

1. ആദാം ഹവ്വമാര് അനുസരണക്കേടു കാണിച്ചപ്പോള്- ഉല്പ. 4: 34.
2. കൃപാസനത്തിനു മീതെ-പുറ. 25: 18.
3. ശലോമോന് പണികഴിപ്പിച്ച ദൈവാലയത്തിന്റെ അന്തര്മന്ദിരത്തില്. 1 രാജാ. 6: 23- 30.
4. യഹോവയുടെ പേരിനോടനുബന്ധിച്ച്- സങ്കീ. 80: 1, സങ്കീ. 99: 1; യെശ. 37: 16.

വെളിപ്പാടു പുസ്തകത്തില് തന്നെ ഏഴുപ്രാവശ്യം ഇവയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 4: 6, 8. ; 15: 7; 17: 3; 21: 9). ഇത്തരം ജീവികളെ ഇവിടെ മാത്രമേ കാണുന്നുള്ളൂ. യഹെസ്കേല് പ്രവാചകനും നാലു ജീവികളെ കണ്ടു. ആ ജീവികള് ഇവിടെ പറയുന്നവയില് നിന്നും വ്യത്യസ്തമാണ്. യെഹെസ്കേല് കണ്ട ജീവികളില് ഓരോന്നിനും 4 മുഖങ്ങളും 4 ചിറകുകളും രണ്ടു കൈകളും കാളകിടാവിന്റെ കാലുകള് പോലെയുള്ള കാലടികളും ഉണ്ടായിരുന്നു. ജീവികള്ക്ക് കീഴെ ചക്രങ്ങളും വട്ടുകളും ഉണ്ടായിരുന്നു. വട്ടുകളില് കണ്ണുകള് നിറഞ്ഞിരുന്നു. ആ ജീവികള് മിന്നല്പോലെ അങ്ങോട്ടും ഇങ്ങോട്ടും

ഓടിക്കൊണ്ടിരുന്നു. യെഹെ. 1: 14. യോഹന്നാന് കണ്ട ജീവികള്ക്ക് ഓരോന്നിനും ഒരു മുഖം മാത്രമേ ഉണ്ടായിരുന്നുള്ളൂ. യെഹെസ്കേല് കണ്ട ജീവികളില് ഓരോന്നിനും ഉണ്ടായിരുന്ന 4 മുഖങ്ങളില് ഓരോന്നാണ് യോഹന്നാന് കണ്ട ജീവികള്ക്കുണ്ടായിരുന്നത്. അവര്ക്ക് 6 ചിറകുകള് വീതവും മുമ്പുറവും പിമ്പുറവും കണ്ണുകളും ഉണ്ടായിരുന്നു. അവകള് സഞ്ചരിക്കുന്നില്ലായിരുന്നു. യെഹെസ്കേല് കണ്ട ജീവികളെ കെരൂബുകള് എന്ന് വിളിച്ചിട്ടുണ്ട്. 10: 16. സമാഗമനകൂടാരത്തിലും ശലോമോന്റെ ദൈവാലയത്തിലും കെരൂബുകളുടെ രൂപം ഉണ്ടായിരുന്നു. അവകള് കഴുകുരൂപത്തിലുള്ളവയായിരുന്നു. സിംഹാസനത്തില് ഇരിക്കുന്ന ദൈവത്തെ യെശയ്യാവ് ദര്ശിച്ചു. യെശ. 6: 1. അവിടെ കെരൂബുകളെ കണ്ടില്ല. സാറാഫുകളെ കണ്ടു. അവയുടെ 6 ചിറകുകളില് രണ്ടുകൊണ്ട് മുഖം മറെച്ചും രണ്ടുകൊണ്ട് പാദങ്ങളും മൂടിയിരുന്നു. രണ്ടു ചിറകുകള് കൊണ്ട് പറന്ന് ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. ആകയാല് ദൈവസേവകരായ സ്വര്ഗ്ഗീയ ജീവികള് വ്യത്യസ്ത രൂപത്തിലുള്ളവരാണ്. അതില് ഓരോ വിഭാഗത്തിലുള്ളവരെയാണ് ഓരോ ദര്ശനും കണ് ടത്.

വെളിപ്പാടു പുസ്തകം നാലാം അദ്ധ്യായത്തില് കാണുന്ന ജീവികള് കര്ത്താവിന്റെ സ്വഭാവങ്ങളെ വിളിച്ചറിയിക്കുന്നു. നമ്മുടെ കര്ത്താവ് രാജാവാണെന്നും ദാസനായിത്തീര്ന്നെന്നും പൂര്ണ്ണമനുഷ്യത്വം എടുത്തെന്നും അവന് ദൈവാധിദൈവമാണെന്നും അവന് സര്വ്വവ്യാപിയാണെന്നും അവന് ആരാധനയ്ക്ക് യോഗ്യനാണെന്നും ശക്തമായി വിളിച്ചറിയിക്കുന്നു. സിംഹത്തോടു സദൃശമായ ഒന്നാം ജീവി യേശുക്രിസ്തു രാജാവാണെന്നും കാളെക്കു സദൃശമായ രണ്ടാം ജീവി യേശുക്രിസ്തു ദാസരൂപം എടുത്ത് (ഫിലി. 2: 6, 7, 8) ദാസനെപ്പോലെ വിശ്രമം ഇല്ലാതെ ഈ ഭൂമിയില് ശുശ്രൂഷിച്ചു എന്നും മനുഷ്യനെപ്പോലെ മുഖമുള്ള ജീവി യേശുക്രിസ്തു വേഷത്തില് പൂര്ണ്ണ മനുഷ്യനായി തീര്ന്നുവെന്നും (ഫിലി. 2: 8) കഴുകനെപ്പോലെ മുഖമുള്ള ജീവി യേശുക്രിസ്തു ദൈവാധി ദൈവമാണെന്നും ജീവികളുടെ മുന്പുറവും പിന്പുറവും ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരിക്കുന്നത് നമ്മുടെ കര്ത്താവ് സര്വ്വ വ്യാപിയാണെന്നും ശക്തമായി വിളിച്ചറിയിക്കുന്നു. കൂടാതെ അവരുടെ ആരാധന നമ്മുടെ കര്ത്താവ് മാത്രം ആരാധനയ്ക്ക് യോഗ്യനെന്ന് ഘോഷിക്കുന്നു. അവരുടെ ചിറകുകളും അതാണ് സൂചിപ്പിക്കുന്ന ത്.

വാക്യം. 10, 11. "ഇരുപത്തിനാലു മൂപ്പന്മാരും സിംഹാസനത്തില് ഇരിക്കുന്നവന്റെ മുമ്പില് വീണു, എന്നെന്നേയ്ക്കും ജീവിച്ചിരിക്കുന്നവനെ നമസ്കരിച്ചു. കര്ത്താവേ നീ സര്വ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാല് ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാല് മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊള്വാന് യോഗ്യന് എന്ന് പറഞ്ഞും കൊണ്ട് തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തില് മുമ്പില് ഇടും."

9-ാം വാക്യത്തില് “കൊടുക്കുമ്പോള് ഒക്കെയും” എന്ന പദപ്രയോഗം ഇടവിട്ട് അര്പ്പിക്കുന്ന സ്തുതി സ്തോത്രങ്ങളെ ആണ് പ്രതിധ്വനിപ്പിക്കുന്നത്. 8-ാം വാക്യത്തിലെ പരിശുദ്ധന് എന്ന പാട്ട് തുടര്മാനമായുള്ളതാണ്. ജീവികള് തന്നെ ഇടവിട്ട് പ്രത്യേക സ്തോത്രാര്പ്പണം നടത്തുന്നു. 24 മൂപ്പന്മാര് തങ്ങളുടെ അലങ്കാരമായ അവിടുത്തെ പാദങ്ങളില് അര്പ്പിച്ച് സ്തോത്രാര്പ്പണം നടത്തുന്നു. അവിടുന്ന് നമുക്ക് തരുന്ന ബഹുമതികള് അവിടുത്തെ പാദത്തില് തന്നെ സമര്പ്പിപ്പാനുള്ളതാണ്. ഈ 24 മൂപ്പന്മാര് സിംഹാസനസ്ഥന്റെ മുമ്പില് വീണ് ആരാധിക്കുന്നു. അവരുടെ ആരാധന നിത്യതയോളം നീണ്ടു പോകുന്നു. അവര് സ്വര്ഗ്ഗീയ ശരീരം പ്രാപിച്ചിരിക്കയാല് അപ്രകാരം ആരാധിക്കുന്നതില് ക്ഷീണം ഉണ്ടാകുന്നില്ല. ഹൃദയം തുളുമ്പുന്നു. കണ്ണീര് പ്രവഹിക്കുന്നു. നവചൈതന്യം പ്രാപിച്ചുകൊണ്ടിരിക്കുന്നു. നന്ദിയോടെ ആരാധിക്കുന്നു. സകലവിധ അനുഗ്രഹങ്ങള്ക്കും കാരണമായവന്റെ തിരുസന്നിധിയില് വീഴുന്നു.

ദൈവം നല്കിയ കിരീടങ്ങള് കര്ത്താവിന്റെ തിരുപ്പാദത്തില് ഇട്ടശേഷമാണ് ആരാധനയ്ക്കായിട്ടവര് വീണത്. തങ്ങളുടെ കിരീടങ്ങളെ ദൈവത്തിന്റെ മുമ്പാകെ വേഗത്തില് ഇടുവാന് 24 മൂപ്പന്മാരും തയ്യാറാണ്. മറ്റൊരു വിധത്തില് ചിന്തിച്ചാല് അവര് ഇങ്ങനെയാണ് പറയുന്നത്. കര്ത്താവേ, ഞങ്ങളുടെ തലയിലെ കിരീടങ്ങള് അവിടുന്ന് തന്നതാണ്. അതുകൊണ്ട് ഞങ്ങളത് അങ്ങയുടെ പാദത്തില് ഇട്ട് നമസ്ക്കരിക്കുന്നു. ഉടയവന്റെ കൃപമൂലം ലഭിക്കുന്ന സകല അനുഗ്രഹാശിസുകളും അവന്റെ സന്നിധാനത്തിങ്കല് തന്നെ കൊണ്ടുവന്ന് നന്ദി പറഞ്ഞു ആരാധിക്കുന്നത് ദൈവപ്രസാദകരമാണ്. സര്വ്വവും അവനില് നിന്നും അവങ്കലേക്കും ആകുന്നു. എല്ലാറ്റിനും കാരണഭൂതനായവന്റെ മുമ്പില് കിരീടം ധരിച്ച് സിംഹാസനത്തില് ഇരിക്കുവാന് കഴിയാതെ നന്ദിയാല് ഹൃദയം തുളുമ്പി വന്നപ്പോള് അവര് താഴെ വീണ്, കിരീടം താഴെ ഇട്ട ആരാധിച്ചു. നാം ഒരിക്കലും മറക്കരുതാത്ത മറ്റൊരു കാര്യവും മൂപ്പന്മാര് തങ്ങളുടെ പാട്ടിലൂടെ നമ്മെ ഓര്മ്മിപ്പിക്കുന്നുണ്ട്. തന്റെ ഇഷ്ടം മൂലമാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. നമ്മുടെ ഇഷ്ടമല്ല. അവിടുത്തെ ഇഷ്ടം ചെയ്യുമ്പോഴാണ് നാം നമ്മുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം നിറവേറ്റുന്നത്. ആരാധനയ്ക്ക് കര്ത്താവ് യോഗ്യനാണ്. നാം നമുക്ക് ലഭിച്ച വീണ്ടെടുപ്പിനെക്കുറിച്ച് മാത്രമല്ല, അവന്റെ സൃഷ്ടിപ്പിനെ ഓര്ത്തും സ്തോത്രം ചെയ്യുന്നവരാകേണം. സങ്കീ. 139: 14.

24 മൂപ്പന്മാര് വീണ്ടെടുക്കപ്പെട്ട സഭയെ കുറിക്കുന്നു. അതില് പഴയ നിയമ വിശുദ്ധന്മാരും പുതിയ നിയ വിശുദ്ധന്മാരും ഉള്പ്പെടുന്നു. 4 ജീവികള് ദൂതവര്ഗ്ഗത്തില് പെട്ട ഒരു വിഭാഗത്തെ കുറിക്കുന്നു. കര്ത്താവായ യേശുവിന്റെ സ്വഭാവങ്ങളെ സഭയ്ക്ക മുമ്പാകെ അവര്

വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സിംഹ സദൃശമായ ഒന്നാം ജീവി യേശു രാജാവാണ് എന്ന് എപ്പോഴും വെളിപ്പെടുത്തുന്നു. ക്രിസ്തു യഹൂദയുടെ സിംഹമാണ്. ഉല്പ. 49: 9, 10. മത്തായി എഴുതിയ സുവിശേഷത്തില് ക്രിസ്തുവിനെ യഹൂദന്മാരുടെ രാജാവായും യഹൂദയുടെ സിംഹമായും ചിത്രീകരിച്ചിരിക്കുന്നു. അതുകൊണ്ടാണ് കര്ത്താവിന്റെ വംശാവലിയുടെ ആരംഭത്തില് തന്നെ ദാവീദ് രാജാവിന്റെ പേര് കൊടുത്തിരിക്കുന്നത്. സിംഹം ക്രിസ്തുവിന്റെ രാജത്വം തെളിയിക്കുന്നു. കാള മനുഷ്യനെ സേവിക്കുന്ന മൃഗമാണ്. രണ്ടാം ജീവി കാള മുഖമാണല്ലോ. യേശുവിന്റെ ദാസ്യത്വത്തെ കാണിക്കുന്നു. യെശ. 42: 1-ലും ‘‘ഇതാ ഞാന് താങ്ങുന്ന എന്റെ ദാസന്’’ എന്ന് കാണുന്നു. യേശുവിന്റെ വംശാവലി മര്ക്കോസില് കാണുന്നില്ല. ഒരു ദാസന് വംശാവലിയുടെ ആവശ്യമില്ലല്ലോ. മനുഷ്യമുഖമുള്ള മൂന്നാം ജീവി ക്രിസ്തുവിന്റെ മാനുഷിക സ്വഭാവത്തെ വെളിവാക്കുന്നുവല്ലോ. മനുഷ്യമുഖമുള്ള മൂന്നാം ജീവി ക്രിസ്തുവിന്റെ മാനുഷിക സ്വഭാവത്തെ വെളിവാക്കുന്നുവല്ലോ. ലൂക്കോസ് യേശുവിന്റെ ജനനത്തിന്റെ സകല വിവരണങ്ങളും വിവരിക്കുകയും ആദം മുതലുള്ള വംശവലി എടുത്ത കാണിക്കുകയും ചെയ്യുന്നു. ലൂക്കോ. 3: 23- 38. യേശു മനുഷ്യപുത്രന് എന്ന് ലൂക്കോസില് ആവര്ത്തിച്ചു കാണാം. കഴുകന് സദൃശമായ നാലാം ജീവി ക്രിസ്തുവിന്റെ ഔന്നത്യത്തെ കുറിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തില് യേശു ദൈവമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. യോഹ. 1: 1-4. പഴയ നിയമത്തില് യഹോവയെ ഒരു കഴുകനോടുപമിച്ചിരിക്കുന്നു. ആവ. 24: 49.

‘‘കഴുകന് പറന്നു വരുന്നതുപോലെ’’ എന്നും- ആവര്. 28: 49. ‘‘കുതിരകള് കഴുക്കളെക്കാളും വേഗതയുള്ളവ’’ യിര. 4: 13. എന്നും കാണുന്നു. രൂത്ത്. 2: 12-ല് ബോവാസ് രൂത്തിനോട് ‘‘യിസ്രയേലിന്റെ ദൈവമായ യഹോവയുടെ ചിറകിന്കീഴെ ആശ്രയിച്ചുവന്നിരിക്കുന്ന നിനക്ക് അവന് പൂര്ണ്ണ പ്രതിഫലം തരുമാറാകട്ടെ’’ എന്ന് പറയുന്നു. കഴുകന് കരുത്തുറ്റതാണ്. സങ്കീ. 91. 4. ‘‘തന്റെ തൂവലുകള് കൊണ്ട് അവന് നിന്നെ മറെക്കും. അവന്റെ ചിറകിന് കീഴെ നീ ശരണം പ്രാപിക്കും.’’ ആകയാല് കഴുകന് യേശുവിന്റെ ദൈവത്വത്തെ തെളിയിക്കുന്നു. ഈ നാലു ജീവികള് കെരൂബുകളുടെയും സാറാഫുകളുടെയും ഒരു സമ്മിശ്രമാണ്. 7-ാംം വാക്യത്തില് കെരൂബുകളെപ്പോലെ 4 മുഖമുള്ളവ എന്നും 8-ാംം വാക്യത്തില് സാറാഫുകളെപ്പോലെ ആറു ചിറകുകള് ഉള്ളവ എന്നും കാണുന്നു.

യേശു കര്ത്താവ് ആരാണ് എന്നത് ഈ നാലു ജീവികള് വ്യക്തമായി 24 മൂപ്പന്മാരുടെ മുമ്പില് വെളിപ്പെടുത്തുകയും അവര് തന്നെ സിംഹാസനസ്ഥന്റെ മുമ്പില് ആരാധിക്കുകയും ചെയ്യുന്നു. തുടര്ന്ന് 24 മൂപ്പന്മാരാകുന്ന വിശുദ്ധ സഭയും കര്ത്താവിനെ ആരാധിക്കുന്നു. ദൈവം എന്തു ചെയ്യും എന്നുള്ളതും

ആരാധനയില് പ്രകീര്ത്തിക്കപ്പെടുന്നു. ആരാധനയില് നമ്മെയും നമുക്ക് ദൈവം തന്നിട്ടുള്ളവയെയും സമര്പ്പിക്കണം. ഈ ആരാധന കര്ത്താവില് മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു. ദൈവത്താല് നിറയപ്പെട്ടിരിക്കുന്നു. കര്ത്താവ് ആരാണെന്ന് അവര് ഏറ്റു പറയുന്നു.

നാലു ജീവികള് വിശ്രമം കൂടാതെ ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നു. ത്രികാലജ്ഞനായ ദൈവത്തെയും ദൈവത്തിന്റെ ത്രിത്വത്തെയും ഈ വാക്യത്തില് വെളിപ്പെടുത്തിയിരിക്കുന്നു. 4: 8. ദൈവം ഇരിക്കുന്നവനും (വര്ത്തമാനകാലം) ഇരുന്നവനും (ഭൂതകാലം) വരുന്നവനും (ഭാവികാലം) ആകുന്നു. പിതാവും, പുത്രനും,സ പരിശുദ്ധാത്മാവും പരിശുദ്ധന് എന്ന അര്ത്ഥത്തിലാണ്. ആ ജീവികള് പരിശുദ്ധന്, പരിശുദ്ധന്, പരിശുദ്ധന് എന്ന് ആര്ക്കുന്നത് എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായ നിത്യനായ ദൈവത്തെ ആ ജീവികള് മഹത്വപ്പെടുത്തുമ്പോഴൊക്കെയും 24 മൂപ്പന്മാരും സിംഹാസനത്തിലിരിക്കുന്നവന്റെ മുമ്പാകെ വീണ് എന്നെന്നേയ്ക്കും ജീവിച്ചിരിക്കുന്നവനെ നമസ്കരിക്കുന്നു. തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്റെ മുമ്പില് ഇട്ട് അര്പ്പിക്കുന്നതിന്റെ അര്ത്ഥം ആദരവ് അര്പ്പിക്കുകയാണ്. കര്ത്താവിന്റെ മുമ്പാകെയുള്ള സമ്പൂര്ണ്ണ സമര്പ്പണമാണ് അത്. ത്രിയേക ദൈവത്തെ ബഹുമാനിച്ചു കൊണ്ടുള്ള മഹത്വമേറിയ ഗീതങ്ങളുടെ ശബ്ദത്തിങ്കല് സ്വര്ഗ്ഗവും ഭൂമിയും അതിന് കീഴിലുള്ള സകലവും സന്തോഷത്താല് കുലുങ്ങുന്നു. അതിന്റെ പരിസമാപ്തിയില് സകല പ്രപഞ്ചവും കുഞ്ഞാടിനെ ആരാധിക്കുന്നതില് ഒത്തുചേരുന്നു. വെളി. 5: 13.
(തുടരും)